പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6587 — 21.11.2019 -ൽ മറുപടിയ്ക്ക്

## ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് : | | ശ്രീ.ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി 5 കോടി രൂപയും ടോക്കൺ തുകയും 2019-20 സാമ്പത്തിക വർഷത്തെ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നിന്ന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങൾ എടുത്തു; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഈരാറ്റുപേട്ട നഗരസഭയിലെ വടക്കേക്കര കടുവാമുഴി പ്രൈവറ്റ് സ്റ്റാന്റിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുത്ത സ്ഥലം വിട്ടു നൽകുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനിച്ചിരുന്നു. ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഏറ്റെടുത്ത സ്ഥലം വില്ലേജ് റിക്കാർഡ് പ്രകാരം നിലവിൽ സ്വകാര്യ വ്യക്തിയുടെ തണ്ടപ്പേരിൽ തന്നെ ഉൾപ്പെട്ടു കിടക്കുന്നു. എൽ.എ.സി.എം. നടപടികൾ പൂർത്തിയാക്കി വില്ലേജ് റിക്കാർഡിൽ അടിയന്തിരമാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ